കേരള സർക്കാർ

സംഗ്രഹം

**വനിത ശിശുവികസന വകുപ്പ് – വയനാട് കണിയാമ്പറ്റ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ നിലവിലുള്ള സംരക്ഷണ ഭിത്തിക്ക് മുകളിൽ സുരക്ഷിതമായ വേലി നിർമ്മിക്കുന്നതിന് 2235-02-102-36(02)P ശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവാകുന്നു.**

വനിത ശിശുവികസന (സി) വകുപ്പ്

**G.O.(Rt)No.111/2026/WCDD** **Dated,06/03/2026**

---

എ.എസ് നമ്പർ : AS/WCD/25/49556 കാലാവധി : 05/03/2029

AS/WCD/25/49556

പരാമർശം:- വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 17.02.2026ലെ DWCD/5202/2025-ICPS 2 നമ്പർ കത്ത്.

ഉത്തരവ്

വയനാട് കണിയാമ്പറ്റ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ അന്തേവാസികളായ ഏഴ് വയസ്സ് മുതൽ 12 വയസ്സ് വരെയുള്ള ചെറിയ കുട്ടികളും മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളും ഉൾപ്പെടെ 45 കുട്ടികളുടെ സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി, അവിടുത്തെ കളിസ്ഥലത്തിൽ നിന്ന് 8 മീറ്റർ താഴ്ച്ചയിലുള്ള സംരക്ഷണ ഭിത്തിക്ക് മുകളിൽ ഏകദേശം 2 മീറ്റർ ഉയരത്തിൽ ജി.ഐ. ഷീറ്റ് (GI Sheet) ഉപയോഗിച്ച് സുരക്ഷിതമായ വേലി നിർമ്മിക്കേണ്ടത് (Fencing) അത്യാവശ്യമാണെന്ന് പരാമർശം പ്രകാരം വനിത ശിശുവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് (PWD) തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 15 ലക്ഷം രൂപ, 2235-02-102-36(02) P എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വയനാട് കണിയാമ്പറ്റ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ സംരക്ഷണ ഭിത്തിക്ക് മുകളിൽ വേലി നിർമ്മിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-36(02) P എന്ന

ശീർഷകത്തിൽ പ്ലാൻ പ്രയോറിറ്റൈസേഷൻ പ്രകാരം നിജപ്പെടുത്തിയിട്ടുള്ള 7.76 കോടി രൂപയിൽ നിന്നും 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-102-36-02-00-0-P-V | 15,00,000 | AS/WCD/25/49556 | 2029-03-06 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വനിത ശിശു വികസന വകുപ്പ് വയനാട് കണിയാമ്പറ്റ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സംരക്ഷണ ഭിത്തി നിർമ്മാണവും കളിക്കളത്തിന് ചുറ്റുമുള്ള വേലി കെട്ടലും സംബന്ധിച്ച് | 15,00,000 |
| ആകെ (പതിനഞ്ച് ലക്ഷം രൂപ) | | **15,00,000** |

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിത ശിശു വികസന വകുപ്പ്

AS/WCD/25/49556

To

1. വനിത ശിശുവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
3. ഐ & പി.ആർ (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
4. കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.03.07 12:10:44 +05:30

AS/WCD/25/49556